DESPATCHED ON 08/06/2020

26.5.2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2405*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12419**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.സുരേന്ദ്രൻ ഡി.,<br>സുനിൽ ഭവനം, മരു.തെക്ക്,<br>ആലുംകടവ് പി.ഒ.,<br>കരുനാഗപ്പള്ളി – 690 573. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>കയർ ഇൻസ്പെക്ടറുടെ കാര്യാലയം,<br>മിനി സിവിൽ സ്റ്റേഷൻ, കരുനാഗപ്പള്ളി,<br>കൊല്ലം – 690 518.<br><br>2. അപ്പീൽ അധികാരി&<br>പ്രോജക്ട് ഓഫീസർ (കയർ),<br>പ്രോജക്ട് ഓഫീസറുടെ കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കൊല്ലം – 13. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | -.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.10.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സുരേന്ദ്രൻ ഡി., സമർപ്പിച്ച അപ്പീൽ ഹർജി 02.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2405(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ വിവരങ്ങൾ ലഭ്യമായില്ലെന്നും തുടർന്ന് നൽകിയ അപ്പീലിനും കൃത്യമായ വിവരങ്ങൾ ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.07.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 08.2018ന് ക്രമനമ്പർ-1ന് മറുപടി നൽകുകയും 2 മുതൽ 11 വരെയുള്ള ഇനങ്ങളുടെ വിവരങ്ങളോ രജിസ്റ്ററുകളുടെ പകർപ്പുകളോ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.10.2018ന് നൽകിയ മറുപടിയിൽ ടിയാൻ ടി സംഘത്തിലെ അംഗമായതിനാൽ വിവരങ്ങൾ നേരിട്ട് ലഭ്യമാക്കാൻ അവകാശമുണ്ടെന്നും ആയതിനാൽ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് റൂൾ 25 പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംഘത്തിൽ നിന്നും പരിശോധിക്കാവുന്നതാണെന്നും സഹകരണ സംഘം നിയമപ്രകാരം സംഘത്തിലെ കണക്കുകൾ/ഇടപാടുകൾ പരിശോധിക്കാൻ സംഘാംഗങ്ങൾക്ക് അവകാശമുള്ള സ്ഥിതിയ്ക്ക് ടി അവസരം പ്രയോജനപ്പെടുത്താതെ ടിയാൻ വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുകയാണ് ചെയ്തതെന്നുമാണ്.

4. 10.02.2020നും 17.02.2020നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിനു മാത്രമേ മറുപടി നൽകുവാൻ കഴിയുമായിരുന്നുള്ളുവെന്നും മറ്റു ചോദ്യങ്ങളെല്ലാം മരുതൂർകുളങ്ങര തെക്ക് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നം.ക്യൂ.474ലെ റെക്കാർഡുകളിൽ മാത്രമായി ഉള്ളതായിരുന്നുവെന്നും പ്രസ്തുത വിവരങ്ങൾ എസ്.പി.ഐ.ഒ. മുമ്പാകെ ലഭ്യമല്ലെന്നും 1969ലെ കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന സഹകരണ സംഘങ്ങളിലെ രജിസ്റ്ററുകളുടെയും റെക്കാർഡുകളുടെയും രേഖകളുടെയും സൂക്ഷിപ്പുകാർ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ആണെന്നും ആയതിനാലാണ് ടിയൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ കഴിയാത്തതെന്നുമാണ്. ഹർജിക്കാരൻ ടി സംഘത്തിലെ ഭരണസമിതിയിലെ അംഗമായിരുന്ന ആളും നിലവിൽ സംഘത്തിൽ അംഗവുമാണെന്നും 1969ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് റൂൾ 25 പ്രകാരം സഹകരണ സംഘത്തിലെ ഒരംഗത്തിന് അല്ലെങ്കിൽ ടിയാൻ ചുമതലപ്പെടുത്തുന്ന മറ്റൊരംഗത്തിന് സംഘത്തിന്റെ ഓഫീസ് സമയത്ത് അക്കൗണ്ടുകൾ പരിശോധിക്കുവാൻ നിയമപരമായ അവകാശം ഉണ്ടെന്നിരിക്കെ ടിയാൻ ടി അവസരം വിനിയോഗിച്ചിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 10.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട 11 ഇനങ്ങളിൽ ഒരു ചോദ്യത്തിനുമാത്രമേ മറുപടി നൽകിയിട്ടുള്ളുവെന്നും അപ്പീൽ അധികാരിയും യാതൊരു നടപടിയും സ്വീകരിക്കാതെ അപ്പീൽ തീർപ്പാക്കിയെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങളിൽ ലഭ്യമല്ലാത്തവ ആയത് നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം കൈമാറണമെന്നിരിക്കെ അപ്രകാരം ഒന്നാം എതിർകക്ഷി പ്രവർത്തിച്ചതായി കമ്മീഷൻ കാണുന്നില്ല. ആകയാൽ ടിയാന്റെ അപേക്ഷ പ്രസ്തുത ഓഫീസിലേയ്ക്ക് കൈമാറി ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★